**അടിയന്തരപ്രമേയം**

<u>**കായൽ കയ്യേറി ഫ്ളാറ്റ് നിർമ്മാണം**</u>

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ. പി. ശ്രീരാമകൃഷ്ണനും മറ്റ് അംഗങ്ങളും നൽകിയിട്ടുള്ള അടിയന്തര പ്രമേയത്തിന്റെ കാര്യമാണ് ഇവിടെ ചർച്ചയ്ക്ക് വരുന്നത്. ഇന്നലെ ശ്രീ. റ്റി.എൻ. പ്രതാപൻ 17-06-2014 ൽ വെരി അർജന്റ് എന്നു പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തിരുന്നു. ശ്രീ. റ്റി.എൻ. പ്രതാപൻ എനിക്കും ഇതുസംബന്ധിച്ച് ഒരു കത്തുനൽകിയിരുന്നു. ഞാൻ ഇന്നലെ സഭ പിരിഞ്ഞതിനുശേഷം ബന്ധപ്പെട്ട ആളുകളെ വിളിച്ച് അവരുമായി ചർച്ച നടത്തി ഏകദേശം കാര്യങ്ങളെല്ലാം പരിശോധിച്ചു. രണ്ടുകാര്യങ്ങൾ ഗവണമെന്റ് ഇക്കാര്യത്തിൽ ചെയ്തിട്ടുണ്ട്. ഒന്ന്, ഈ ഉത്തരവ് റദ്ദാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടാമത്തേത്, ഈ സാഹചര്യങ്ങളെല്ലാം കൂടി പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകുന്നതിനുവേണ്ടി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താനും ഇന്നലെത്തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതിനുശേഷം ഞാൻ സഭയെ അറിയിക്കാം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, മന്ത്രിയുടെ മറുപടിയിൽ അദ്ദേഹം ഒരുത്തരവ് റദ്ദാക്കിയതായി പറയുന്നതിൽ സന്തോഷമുണ്ട്. പക്ഷേ അദ്ദേഹം എന്താണ് റദ്ദാക്കിയത്, എന്തായിരുന്നു ഉത്തരവ്; ആരാണ് ഉത്തരവ് അതിനുത്തരവാദി എന്നൊന്നും സഭയിൽ വ്യക്തമാക്കുക ഉണ്ടായില്ല. യഥാർത്ഥ

ത്തിൽ ഇവിടെ പരിസ്ഥിതി വകുപ്പ് പലതരത്തിലുള്ള കുത്തഴിഞ്ഞ പ്രവർത്തനങ്ങൾക്കും അഴിമതി നിറഞ്ഞ പ്രവർത്തനങ്ങൾക്കും നിരന്തരമായി നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ് എന്നുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. വ്യവസ്ഥാപിതമായ എല്ലാ പാരിസ്ഥിതിക സമിതികളെയും നോക്കുകുത്തികളാക്കുകയാണ്. പരിസ്ഥിതി ആഘാത പഠന അതോറിറ്റി ചെയർമാൻ ഒരു ശാസ്ത്രജ്ഞനായ ഡോ. മുത്തുനായകം ആയിരുന്നു. അദ്ദേഹം ഈ കുത്തൊന്നും സഹിക്കവയ്യാതെ രാജിവച്ച് പുറത്തുപോകുന്ന സ്ഥിതിയുണ്ടായി. അദ്ദേഹത്തെ പുകച്ചുപുറത്തുചാടിക്കുകയാണുണ്ടായത്. ഈ വിഷയത്തെ അതിന്റെ അനുബന്ധമായിട്ടുവേണം കാണാൻ. അതോറിറ്റിയുടെ തലപ്പത്ത് അതിനുശേഷം ഇത്ര നിയമവിരുദ്ധമായ പ്രവർത്തനങ്ങൾക്ക് നിരന്തരമായി നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന, ശ്രീ. മുത്തുനായകം തന്നെ പരാതിപ്പെട്ടിട്ടുള്ള ഒരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അതേ ഉദ്യോഗസ്ഥൻ തന്നെയാണ് ആറന്മുള എയർപോർട്ടുമായി ബന്ധപ്പെട്ടുകൊണ്ട് ശക്തമായ വിമർശനത്തിന് വിധേയനായിട്ടുള്ള ഉദ്യോഗസ്ഥൻ. സർക്കാർ അറിയാതെ ഒരുദ്യോഗസ്ഥന് ചുമതല കൊടുക്കുന്നത്, ഡോ. മുത്തുനായകം പരാതിപ്പെട്ടിരുന്ന ഒരുദ്യോഗസ്ഥനെത്തന്നെ ചുമതലപ്പെടുത്തിയതിന്റെ പുറകിൽ എന്തായിരുന്നു താൽപ്പര്യം; ഇവിടെ പുതുതായി ഉയർന്നുവന്ന വിവരം കൊച്ചിയിലെ ചിലവന്നൂർ കായൽ കയ്യേറി ഡി.എൽ.എഫ്-ന്റെ ഉടമസ്ഥതയിൽ ഒരു ഫ്ളാറ്റ് സമുച്ചയത്തിന് ക്ലിയറൻസിന് ഒരപേക്ഷ കൊടുത്തു. ആ അപേക്ഷ അനുമതി നൽകാൻ പറ്റുന്ന സ്ഥിതിയിലായിരുന്നില്ല. കാരണം സ്റ്റേറ്റ് എൻവയോൺമെന്റൽ അപ്രൈസൽ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ അനുമതി കൊടുക്കാൻ പറ്റുകയുള്ളൂ. ഈ സാഹചര്യത്തിൽ അത് കൊടുക്കാൻ നിർവ്വാഹമി

ല്ലായെന്ന് കേരളത്തിലെ പാരിസ്ഥിതിക ആഘാത പഠന അതോറിറ്റി നിലപാട് സ്വീകരിച്ചു. അങ്ങനെ നിലപാട് സ്വീകരിക്കാനുള്ള കാരണം 2010-ൽ ഒരു റിപ്പോർട്ടുണ്ടായിരുന്നു. തീരദേശ പരിപാല അതോറിറ്റിയും സെസ്സും കൂടി സംയുക്തമായി അന്വേഷണം നടത്തിയ ഒരു റിപ്പോർട്ടുണ്ടായിരുന്നു. ആ റിപ്പോർട്ട് പ്രകാരം ചിലവന്നൂർ കായലിൽ വലിയ കയ്യേറ്റങ്ങൾ നടന്നിട്ടു ണ്ടെന്നും അവിടെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി കൊടുക്കാൻ പാടില്ലായെന്നുമുള്ള റിപ്പോർട്ടുമുണ്ടായിരുന്നു. ആ റിപ്പോർട്ട് നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ഒരു വിദഗ്ദ്ധ പരിശോധന കൂടാതെ എസ്.ഇ. എ.സി.യുടെ റിപ്പോർട്ട് ലഭിക്കാതെ അനുമതി നൽകാൻ നിർവ്വാഹമില്ല എന്ന നിലപാട് അതോറിറ്റി തീരുമാനിച്ചു. അങ്ങനെ പരിസ്ഥിതി ആഘാതപഠന അതോറിറ്റി നിഷേധിച്ച ഒരനുമതി അതിനുശേഷം ചെയർമാൻ ഇല്ലാത്ത തക്കം നോക്കി അനുമതി കൊടുക്കുകയാണ് ആ അനുമതി കൊടുത്തത് പരിസ്ഥിതി വകു പ്പിന്റെ അഡീഷണൽ പ്രിൻസിപ്പൽ സെക്രട്ടറിയാണ്. എങ്ങനെയാണ് പരി സ്ഥിതിവകുപ്പിന്റെ സെക്രട്ടറി മന്ത്രി അറിയാതെ അതോറിറ്റി ഡഫർ ചെയ്ത ഒരു കേസിൽ, ചെയർമാൻ അറിയാതെ ഉത്തരവാദിത്തരഹിതമായി ഈ അനുതമതി കൊടുത്തത്. ഇതിനെതിരെ പരാതി ഉയർന്ന സമയത്ത് തീരദേശ പരിപാലന അതോറിറ്റി യോഗം വിളിച്ചു ചേർത്തു. ഈ തീരുമാനം തെറ്റാണ് എന്ന് തീരദേശ പരിപാലന അതോറിറ്റി സ്വീകരിക്കുകയും അതിന്റെ 62-ാ മത്തെ യോഗത്തിൽ വച്ച് ഒരു വിദഗ്ദ്ധ സമിതിയെ ഇതന്വേഷിക്കാൻ ചുമതല പ്പെടുത്തി. ആ വിദഗ്ദ്ധ സമിതിയിൽ ഡോ. എ. രാമചന്ദ്രൻ, ഡോ. പത്മകു മാർ, ഡോ. കമലാക്ഷൻ കൊക്കാൽ എന്നിവരടങ്ങിയ വിദഗ്ദ്ധസമിതിയെ യാണ് നിയോഗിച്ചത്. ആ വിദഗ്ദ്ധ സമിതി പരിശോധന ആരംഭിച്ചുകൊണ്ടി

രിക്കുന്നതിനിടയിൽ വീണ്ടും ഇതേ ഉദ്യോഗസ്ഥൻ ഇത്തരം ഒരു വിദഗ്ദ്ധ സമിതിയുടെ നിയമനം തന്നെ ആവശ്യമില്ലാത്തതാണെന്നും അത് പിൻവലി ക്കണമെന്നും അടിയന്തിരമായി അംഗീകാരം നൽകണമെന്നും പറഞ്ഞു കൊണ്ട് ഒരു കത്ത് അയയ്ക്കുകയാണ്. ആ കത്ത് ഞാൻ ഇവിടെ വായി ക്കാം. 28-04-2014-ലാണ് ആ കത്ത് ഇവിടെ വന്നത്. അതിൽ "As Enviormental Clearance – cum - CRZ clearance issued by SEIAA, Kerala Violation / complaint if any should be forwarded to SEIAA for necessary action. The direction issued to Cochin Corporation to stop the project is irregular and should be withdrawn" എന്നാണ് ഉത്തരവിട്ടിരിക്കു ന്നത്. ആരാണ് ഈ ഉത്തരവിട്ടിരിക്കുന്നത്; ഈ ഉത്തരവിട്ടിരിക്കുന്നത് അഡീഷണൽ ചീഫ് സെക്രട്ടറി റ്റു ഗവൺമെന്റ് മെമ്പർ സെക്രട്ടറി റ്റു .............. എങ്ങനെയാണ് ഈ ഉത്തരവ് വരുന്നത്; ഈ ഉത്തരവ് ശ്രീ. പി.കെ. മൊഹന്തി എന്നുപറയുന്ന ഉദ്യോഗസ്ഥനാണ് ഉത്തരവിട്ടത്. ഈ ഉത്തരവിടാൻ ആരാണിതിന് സമ്മർദ്ദം കൊടുത്തത്; ഇങ്ങനെ ഒരു വിദഗ്ദ്ധ സമിതി അന്വേ ഷണം നടത്തുന്നതിനിടയിൽ ഈ അധികാരം സർക്കാരിന്റെ അഡീഷണൽ സെക്രട്ടറിക്ക് നൽകിയത് ആരാണ്; എന്തായിരുന്നു ഇതിന്റെ പിന്നിലുള്ള സാമൂഹ്യപക്ഷവാദിത്തം, സാമൂഹ്യ പ്രതിബദ്ധതാ താൽപ്പര്യം; ആരാണിതിന് സമ്മർദ്ദം ചെലുത്തിയത്? തീരദേശ പരിപാലന അതോറിറ്റി 62-ാം നമ്പർ യോഗം റദ്ദ് ചെയ്യാൻ എങ്ങനെയാണ് അധികാരം കിട്ടുന്നത്; അതോറിറ്റി ഒരു യോഗം കൂടി തീരുമാനിച്ച് മിനിട്ട്സ് ചെയ്തിട്ടുള്ള സംഗതി എങ്ങനെയാണ് ഒരു അഡീഷണൽ ചീഫ് സെക്രട്ടറിക്ക് റദ്ദ് ചെയ്യാനുള്ള അധികാരം കിട്ടുന്ന

ത്; എന്താണ് അതിന്റെയടിസ്ഥാനം; ഇതേ ഉദ്യോഗസ്ഥൻ തന്നെയാണ് ഡോ. മുത്തുനായകത്തിന്റെ ശുപാർശ മാറ്റിവച്ച് നേരത്തേ തീരുമാനം കൊടുത്തത്. ഡോ. മുത്തുനായകം ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതി തീരുമാനം വരുന്നതിനു മുമ്പ് എടുക്കാൻ പറ്റില്ല എന്നുപറഞ്ഞ് മാറ്റിവച്ചിട്ടുള്ള സംഗതി ധൃതി പിടിച്ച് അനുവാദം കൊടുത്തതും ഇതേ ഉദ്യോഗസ്ഥൻ തന്നെയാണ്. അതേ ഉദ്യോഗസ്ഥൻ തന്നെയാണ് പിന്നീട് പറയുന്നത് അങ്ങനെ ഒരു തീരുമാനം നിലനിൽക്കുന്ന സാഹചര്യത്തിൽ തീരദേശപരിപാലന അതോറിറ്റിയുടെ വിദഗ്ദ്ധ സമിതിയെ നിയോഗിക്കേണ്ട ആവശ്യമില്ല എന്ന നിലപാട് സ്വീകരിക്കുകയാണ്. ഡി.എൽ.എഫ്-നെതിരെ സ്റ്റോപ്പ് മെമ്മോ പിൻവലിച്ചു. നിയമലംഘനം അന്വേഷിക്കുന്ന സമിതിയെ പിൻവലിച്ചുകൊണ്ടുള്ള കത്ത് തീരദേശ പരിപാലന അതോറിറ്റി ചെയർമാൻ 29-4-14-ന് തന്നെ നഗരസഭയ്ക്ക് കൊടുക്കുകയാണ്. ഇതാണ് ഇതിൽ മന്ത്രി ശ്രദ്ധിക്കേണ്ട ശ്രദ്ധേയമായ ഒരു കാര്യം. 28-04-2014-ന് അഡീഷണൽ പ്രിൻസിപ്പൽ സെക്രട്ടറി ഒരു കത്തയയ്ക്കുന്നു. ആ കത്ത് കൊടുങ്കാറ്റിന്റെ വേഗതയിൽ പോയി 29-04-14-ന് തീരുമാനമായി അതോറിറ്റിയുടെ ചെയർമാൻ നഗരസഭയ്ക്ക് കത്ത് കൊടുക്കുകയാണ്. ഒറ്റദിവസം കൊണ്ട് കേരളത്തിൽ ഒരു ഭവനനിർമ്മാണത്തിന് അനുമതി ചോദിച്ചുകൊണ്ട് പതിനായിരക്കിനാളുകൾ പലപ്രദേശങ്ങളിലും കാത്തുനിൽക്കുന്നുണ്ട്. ഇന്നലെ ഇവിടെ നെൽവയൽ തണ്ണീർത്തട നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കൽ വരികയുണ്ടായി. ഇന്നും നമ്മൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല. ഇന്നും അഞ്ച് സെന്റ് നികത്തി ഒരു വീട് വയ്ക്കണമെന്നാഗ്രഹിക്കുന്ന, വീടെന്ന സ്വപ്നത്തെ സംബന്ധിച്ച് തീരുമാനമാകാതെ പതിനായിരക്കണക്കിന് അപേക്ഷകൾ കേരളത്തിലെ

പഞ്ചായത്തുകളിൽ കിടക്കുകയാണ്. ആ സാഹചര്യത്തിലാണ് 24 മണിക്കൂർ തികയുന്നതിനുമുമ്പ് ശ്രീ. പി.കെ. മൊഹന്തിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന അതോറിറ്റിയുടെ ചെയർമാൻ, ശ്രീ രാജശേഖരൻപിള്ള ഈ കത്തയയ്ക്കുന്നത്. ഈ ഫയൽ പറപ്പിക്കുന്ന തിരക്കിനിടയിൽ ഒരു കാര്യം വിട്ടുപോയി. യഥാർത്ഥത്തിൽ തീർദേശ പരിപാലന അതോറിറ്റിയുടെ ഒരു യോഗം ചേർന്നെടുത്ത തീരുമാനമാണ് അട്ടിമറിക്കപ്പെട്ടത്. ഒരു യോഗം ചേർന്നെടുത്ത തീരുമാനം അട്ടിമറിക്കുന്നതിനുമുമ്പ് എന്തെങ്കിലും പ്രാഥമികമായ പരിശോധനയോ ചർച്ചയോ ഉണ്ടായോ; ആരാണ് ഈ ഉദ്യോഗസ്ഥന് ഈ അധികാരം കൊടുത്തത്; 28-04-14-ന് ശ്രീ. കെ. മൊഹന്തിയുടെ കത്ത് വരുന്നു., 29-04-14-ന് ശ്രീ. വി.എ. രാജശേഖരൻപിള്ളയുടെ കത്ത് നഗരസഭയ്ക്ക് കൊടുക്കുന്നു, 30-ാം തീയതി നഗരസഭയ്ക്ക് അനുമതി കൊടുക്കുന്നു. കേരളത്തിൽ ഇത്രയും പക്ഷപാതപരമായി, ഏകപക്ഷീയമായ നിലപാട് സ്വീകരിച്ച ഒരു സാഹചര്യമുണ്ടായിട്ടില്ല. ഒരു യോഗം തീരുമാനമെടുത്തത് അട്ടിമറിച്ച് ഒരുത്തരവ് ഇറക്കാൻ ആരാണ് സർക്കാരിന് അച്ചാരം തന്നത്; 62-ാം നമ്പർ യോഗം ഇതിനിടയ്ക്ക് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്ങനെയാണ് ഇത് പിറ്റേന്ന് നഗരസഭയിലെത്തിയത്; കൊച്ചിയിലെ ചിലവന്നൂർ കായൽ ഡി.എൽ.എഫ് കയ്യേറി എന്നുള്ള 2010-ലെ തീരദേശ പരിപാലന അതോറിറ്റിയും സെസ്സും സംയുക്തമായി നൽകിയ പഠന റിപ്പോർട്ട് പരിസ്ഥിതി വകുപ്പിന്റെ കയ്യിലുണ്ടോ; ആ റിപ്പോർട്ട് നിങ്ങൾ എന്തു ചെയ്തു; ആരാണ് ആ റിപ്പോർട്ട് മുക്കിയത്; ഡി.എൽ.എഫ്. നിർമ്മാണത്തിനെതിരായുള്ള കേസിൽ ഹൈക്കോടതി ഇതിനകത്ത് ഒരു നിലപാട് സ്വീകരിച്ചിരുന്നു.

സ്റ്റോപ്പ് മെമ്മോ അപ്രൂവ് ചെയ്തുകൊണ്ട് ഹൈക്കോടതിയുടെ നിലപാട് എന്തായിരുന്നു; ഹൈക്കോടതിയുടെ നിലപാട് കൂടി നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് സ്റ്റോപ്പ് മെമ്മോ റദ്ദ് ചെയ്യുന്നതിനുള്ള ഉത്തരവ് വന്നിരിക്കുന്നത്. ഇതെല്ലാം നിലനിൽക്കെ പരിസ്ഥിതി വകുപ്പ് വഴിവിട്ട നടപടികളിലൂടെ ഡി.എൽ.എഫ്–ന് അനുമതി നൽകി സഹായിച്ചിരിക്കുകയാണ്. എങ്ങനെയാണ് ഈ ഡി.എൽ.എഫ്. ഇത്രയധികം സ്വാധീനമുള്ള ഒരു സ്ഥാപനമായി മാറുന്നത്; ഏതാണ് ഈ ഡി.എൽ.എഫ്? ഡി.എൽ.എഫ്. റിയൽ എസ്റ്റേറ്റ് കമ്പനിയെ സംബന്ധിച്ച് ഹരിയാനയിലെ ചീഫ് രജിസ്ട്രേഷൻ ഓഫീസർ ഒരു പത്രസമ്മേളനം നടത്തിയത് നിങ്ങളുടെ പലരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. അദ്ദേഹം പറഞ്ഞത് 24 മണിക്കൂർ കൊണ്ട് ആയിരം ഏക്കർ കൃഷിഭൂമി നികത്തുന്നതിന് നേതൃത്വം കൊടുക്കാൻ സാധിച്ച ഡി.എൽ.എഫ്. കമ്പനി എന്നെ പീഡിപ്പിക്കുകയാണ്. ആ ഡി.എൽ.എഫ്. കമ്പനിയുമായി ഇന്ത്യാരാജ്യത്ത് ഉയർന്നുവന്ന എല്ലാ ആക്ഷേപങ്ങളും അവസാനിച്ചത് ഒരു പേരിലാണ്. അത് പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവായ റോബർട്ട് വധേരയുടെ പേരാണ്. അവിടെയാണ് അതവസാനിച്ചത്. റോബർട്ട് വധേരയുടെ മുന്നിൽ ഓച്ഛാനിച്ചുനിൽക്കുന്ന ഒരു നിലപാട് സ്വീകരിക്കാൻ എങ്ങനെ ഈ ഉദ്യോഗസ്ഥന് സാധിച്ചുവെന്നുള്ളതും ഈ ഗവൺമെന്റിന്റെ നിലപാട് എന്താണെന്നുമറിയാൻ ഗൗരവമായി പരിശോധിക്കപ്പെടണം. ഇവിടെ ഉയർന്നുവരുന്ന പ്രധാനപ്പെട്ട ചോദ്യങ്ങളുണ്ട്. ആ ചോദ്യങ്ങൾക്കാണ് അങ്ങ് കൃത്യമായ അന്വേഷണം നടത്തേണ്ടത്. ഡി.എൽ.എഫ്. ഗ്രൂപ്പിന്റെ ഫ്ളാറ്റ് സമുച്ചയം കൊച്ചിയിലെ ചിലവന്നൂർ കായൽ കയ്യേറിയതാണെന്ന 2010–ലെ തീരദേശ പരിപാലന അതോറിറ്റയും സെസ്സും നൽകിയ സംയുക്ത പഠന റിപ്പോർട്ട് ഉണ്ടോ?

ഉണ്ടെങ്കിൽ ആ പഠന റിപ്പോർട്ട് പരിസ്ഥിതി വകുപ്പ് മറച്ചുവച്ചത് എന്തിനാണ്; ആർക്കുവേണ്ടിയാണ്; 2013-ൽ നേരിട്ട് ഹാജരാകണമെന്നുപറഞ്ഞ് ഈ ഗവൺമെന്റിൽ നിന്ന് ആരും കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിൽ ഹാജരാകാതിരുന്നതിന്റെ കാരണമെന്താണ്; മുത്തുനായകത്തിന്റെ അസാന്നിദ്ധ്യം ഉപയോഗപ്പെടുത്തി ഡി.എൽ.എഫ്-ന് അതോറിറ്റി അനുവാദം നൽകിയിട്ടുണ്ടോ;

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ...പത്ത് മിനിട്ടായി..

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഞാൻ അവസാനിപ്പിക്കാം. തുടർന്ന് തീരദേശ പരിപാലന അതോറിറ്റി ഒരു വിദഗ്ദ്ധ സമിതിയെ 62-ാം നമ്പർ യോഗത്തിൽ....

മി. സ്പീക്കർ: പത്ത് മിനിട്ടായി..

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഞാൻ അവസാനിപ്പിക്കുകയാണ്. തീരദേശ പരിപാലന അതോറിറ്റി ഒരു വിദഗ്ദ്ധ സമിതിയെ 62-ാം നമ്പർ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടോ; ആ തീരുമാനം റദ്ദ് ചെയ്യാൻ......

മി. സ്പീക്കർ: വധേര എന്നുള്ളതല്ല നമ്മുടെ പ്രശ്നം. പത്ത് മിനിട്ടായി എന്നുള്ളതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ആ തീരുമാനം റദ്ദ് ചെയ്യാൻ അതോറിറ്റിയുടെ ഏത് യോഗമാണ് തീരുമാനിച്ചത്. വിദഗ്ദ്ധസമിതിയെ നിശ്ചയിച്ച് പഠനം നടത്താനുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തീരുമാനം റദ്ദ് ചെയ്യുന്നതിന് ആരാണ് നിർദ്ദേശം നൽകിയത്; തീരദേശ പരിപാലന അതോറിറ്റിയുടെ വിദഗ്ദ്ധ സമിതിയെ ഉണ്ടാക്കാനുള്ള തീരുമാനം റദ്ദ് ചെയ്ത് 28-04-2014-ന് ഇറങ്ങിയ റിപ്പോർട്ട് മന്ത്രി അറിയാതെയാണോ ഇറങ്ങിയത്; നടപടിയെടുക്കുമോ; 28-04-14-ന് ഉത്തരവിറക്കി പിറ്റേന്ന് 29-04-14-ന് ആ അതോറിറ്റിയുടെ

ചെയർമാൻ നഗരസഭയുടെ ചെയർമാന് എന്ത് അടിയന്തിര സാഹചര്യമാണ് നമ്മുടെ നാട്ടിലുണ്ടായിരുന്നത്? കേരളത്തിലെ എത്രയോ നിർമ്മാണ പ്രർത്തികൾക്കുവേണ്ടി സാധാരണക്കാർ കാത്തുനിൽക്കുകയാണ്. തീരദേശങ്ങളിലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് അവരുടെ പുരയുടെ മുകളിൽ ഒരു ഓട് മാറ്റിവയ്ക്കാൻ കേരളത്തിൽ നിയമമില്ല. പുര റിപ്പയർ ചെയ്യാൻ പറ്റില്ല. കടലോരങ്ങളിലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് കടലാക്രമണം വന്നതിനുശേഷവും അതിനുമുമ്പും ഒരിക്കലും അവരുടെ വീട് റിപ്പയർ ചെയ്യാൻ അനുവാദമില്ല. ഇങ്ങനെ ഒരു സാഹചര്യത്തിൽ കായൽ കയ്യേറിയ ഈ ഫ്ളാറ്റ് സമുച്ചയത്തിന്റെ വൻകിട നിർമ്മാതാക്കൾക്ക് ഈ സൗകര്യം ചെയ്തുകൊടുത്ത പരിസ്ഥിതി വകുപ്പ് ഇതൊന്നുമറിയാതെ തൽക്കാലം റദ്ദ് ചെയ്തു എന്നുളള സമീപനം ശരിയല്ല, പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട സമിതികളുടെ എല്ലാപ്രവർത്തനങ്ങളെയും സംബന്ധിച്ചും ഈ സഭ നിർത്തിവച്ച് ഗൗരവത്തോടുകൂടിയും ചർച്ച ചെയ്യണം.

<u>മി. സ്പീക്കർ</u>: ....(ബഹളം) ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതുപോലെ തന്നെ ശ്രീ.റ്റി.എൻ. പ്രതാപൻ നമുക്കൊരു സബ്മിഷൻ തന്നിട്ടുണ്ട്. അത് ലിസ്റ്റ് ചെയ്തിട്ടുണ്ട്. അടിയന്തിര പ്രമേയം വന്നാൽ അത് വരില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, അതുകൊണ്ടാണ് ശ്രീ. റ്റി. എൻ. പ്രതാപൻ ഇന്നലെ തന്ന കത്തിനെക്കുറിച്ച് ഞാൻ പരാമർശിച്ചത്. എന്റെ കൈയ്യിൽ ആ കത്ത് കിട്ടി, മുഖ്യമന്ത്രിക്കും കൊടുത്തു. മുഖ്യമന്ത്രിക്ക് കൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് തന്നു. എന്റെ കൈയ്യിൽ ആ കത്ത് കിട്ടുകയും അത് ഈ സഭയിൽ ഞാൻ പരാമർശിക്കാതി

രിക്കുകയും ചെയ്യുന്നത് തെറ്റാണ്. അതുകൊണ്ടാണ് ആ കത്തിനെക്കുറിച്ചുതന്നെ ഞാൻ നേരത്തെ പരാമർശിച്ചത്. ആ കത്തിന്റെമേൽ നടപടിയും എടുത്തിട്ടുണ്ട്. ആ നടപടി കൃത്യമായിട്ട് പോകുകയും ചെയ്യും.

അങ്ങ് പറഞ്ഞ പൊതുവികാരത്തോടൊക്കെ ഞാൻ യോജിക്കുകയാണ്. നമുക്ക് ഇക്കാര്യത്തിൽ ഏറെക്കുറെ കോമൺ അണ്ടർസ്റ്റാന്റിംഗ് ഉണ്ടാകും എന്നുതന്നെയാണ് എന്റെ വിശ്വാസം. അങ്ങ് പറഞ്ഞതിനകത്തെ ഫാക്ചലായിട്ട് ചെറിയ മിസ്റ്റേക്കുകൾ ഉള്ളത് ഞാൻ ഓർമ്മിപ്പിക്കാം. . "The proposal was put for consideration in 68th EAC meeting held on 1st and 3rd May, 2008" ഡി.എൽ.എഫ്.ന്റെ ഈ പ്രൊപ്പോസൽ 2008 കാലഘട്ടത്തിൽ വെച്ചതാണ്. അന്നത്തെ എൻവയോൺമെന്റ് ക്ലിയറൻസിനുവേണ്ടി.......... ഞാൻ രേഖ ഉദ്ധരിച്ചാണ് പറയുന്നത്. ഇത് പരിശോധിക്കുന്നതിനുവേണ്ടി "The proposal was put for consideration in 68th EAC meeting held on 1st and 3rd May 2008, again EAC meeting held on 16th and 18th July, 2008." അന്ന് അവർക്ക് ക്ലീയറൻസ് കൊടുത്തിരുന്നോ; എന്തുകൊണ്ടാണെന്നുള്ളത് നമ്മൾ ഇപ്പോൾ പരിശോധിക്കും. ചീഫ് സെക്രട്ടറി എല്ലാ കാര്യങ്ങളും പരിശോധിച്ചോട്ടെ. അതുകൊണ്ട് അന്ന് ക്ലിയറൻസ് ഉണ്ടായിരുന്നോ; അതേസമയം അങ്ങ് പറഞ്ഞ ഒരു കാര്യം കറക്ടാണ്. ഇ.സി.എ. ക്ലീയറൻസ് അന്ന് കൊടുക്കുകയും, കൺസ്ട്രക്ഷൻ അന്ന് ആരംഭിക്കുകയും ചെയ്തിട്ടും നമ്മുടെ തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരം ഇവർ തേടിയിരുന്നില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഡോ. മുത്തുനായകം എന്തിനാണ് അത് ഡെഫർ ചെയ്തത്; നേരത്തെ അനുമതി കൊടുത്തത് മാറ്റിവെയ്ക്കാൻ അദ്ദേഹത്തിന്റെ സമിതിക്ക് എങ്ങനെയാണ് അധികാരം കിട്ടിയത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറയാം. എന്റെ കൈയ്യിലുള്ള രേഖ ഉദ്ധരിച്ചല്ലേ ഞാൻ പറയുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നമുക്കിതിന് വഴക്കടിക്കാനല്ല, പരസ്പരം തർക്കിക്കാനല്ല, ദേശത്തിന് ഒരു വിഷമം ഉണ്ടാവരുത്. തീരദേശപരിപാലനം നിലനിൽക്കണം. അങ്ങ് അവസാനം പറഞ്ഞ ഒരു കാര്യത്തിന് ഞാൻ മറുപടി പറയാം, മത്സ്യത്തൊഴിലാളികൾക്ക് വീട് വെയ്ക്കാൻ, സാധുക്കളായ ആളുകൾക്ക് വീട് വെയ്ക്കാൻ അവിടെ അവർക്ക് സംരക്ഷണം കൊടുക്കണം. അതേ സമയം നമ്മുടെ തീരപ്രദേശം റിസോർട്ട് മാഫിയകളും വൻകിട കൺസ്ട്രക്ഷൻ കമ്പനികളും അടിച്ചെടുത്തുകൊണ്ടുപോകാൻ സമ്മതിക്കുന്ന പ്രശ്നമേയില്ല. അതാണ് ഗവൺമെന്റിന്റെ നയം. ശ്രീ. സി. ദിവാകരൻ, അങ്ങ് മന്ത്രിയായിരുന്ന കാലത്താണ്. 2008 എന്ന് ഞാൻ ഭംഗ്യന്തരേണ സൂചിപ്പിച്ചെന്ന് മാത്രേയുള്ളൂ. എന്തിനാണ് ഞാൻ ഈ പേരൊക്കെ പറയുന്നത്. 2008-ൽ ക്ലിയറൻസ് കൊടുത്തതാണ്. അന്ന് ക്ലിയറൻസ് കിട്ടിയെങ്കിലും തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസ് കിട്ടിയില്ല. ഇത് തീരദേശ പരിപാലന അതോറിറ്റിയുടെ മുമ്പിൽ ചെന്നപ്പോൾ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ ഇത് പരിശോധിക്കുന്നതിനുവേണ്ടി മൂന്ന് വിദഗ്ദ്ധന്മാരെ നിയോഗിച്ച് അവർ തീരുമാനമെടുത്തു. മൂന്ന് വിദഗ്ദ്ധന്മാരെ നിയോഗിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റി എടുത്ത തീരുമാനം റദ്ദാക്കിക്കൊണ്ട് ഇപ്പോൾ അങ്ങോട്ട് അറിയിച്ചിട്ടുണ്ട്. അറിയിച്ചത് ഗവൺമെന്റ് പരിശോധിക്കുകയാണ്. ഗവൺമെന്റ് അറിയാതെ അങ്ങനെ ചെയ്യാമോ; അങ്ങനെ ചെയ്യുന്നത് ശരിയല്ലല്ലോ; അവർ എല്ലാ നിയമവും പാലിച്ചിട്ടുണ്ടോ; പാലിച്ചില്ലെങ്കിൽ അത് എന്തൊക്കെ? അതിനെക്കുറിച്ച് ചീഫ് സെക്രട്ടറി അന്വേഷണം നടത്തട്ടെ. ചീഫ് സെക്രട്ടറി അന്വേഷണം നടത്തി വരുമ്പോൾ അതിന്

അൺലിമിറ്റഡായിട്ടുള്ള സമയം കൊടുക്കുന്നില്ല. എല്ലാ രേഖകളുംകൂടി പരിശോധിക്കുന്നതിനുവേണ്ടി 5 ദിവസമെങ്കിലും വേണ്ടി വരുമല്ലോ, അതു കൊണ്ട് 5 ദിവസത്തിനുള്ളിൽ ചീഫ് സെക്രട്ടറി ഇത് അന്വേഷിച്ച് ഗവൺമെന്റിന് റിപ്പോർട്ട് തന്നുകഴിഞ്ഞാൽ ഇക്കാര്യത്തിൽ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്നും ഞാൻ ഓർമ്മിപ്പിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് വന്നാലുടൻ ഈ സഭയിൽ അറിയിക്കുകയും ചെയ്യാം. ഈ സഭയെ കോൺഫിഡൻസിൽ എടുത്തുകൊണ്ടേ ഞങ്ങൾ മുന്നോട്ടു പോകൂ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, തീരദേശ പരിപാലന അതോറിറ്റി യുടെ 62-ാം നമ്പർ യോഗത്തിൽ വെച്ചാണ് മൂന്നംഗ വിദഗ്ദസമിതിയെ നിയോഗിച്ചത്. ഒരു സമിതി യോഗം കൂടി എടുത്ത തീരുമാനമാണ്. സമിതി യോഗം കൂടി എടുത്ത തീരുമാനം ഒരു ഉദ്യോഗസ്ഥൻ റദ്ദുചെയ്യാൻ നിയമ പരമായിട്ടോ ഭരണഘടനാപരമായിട്ടോ അവകാശമുണ്ടോ? ആ സമിതിയെ ഓവർ റൂൾ ചെയ്യാനുള്ള അധികാരം ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു സമിതി യോഗം ചേർന്നെ ടുത്ത തീരുമാനം ആ സമിതിതന്നെ തിരുത്തിയേ മതിയാകൂ. പക്ഷെ, അങ്ങയെപ്പോലെ ബഹുമാനപ്പെട്ട ഒരംഗം സത്യസന്ധമായി ഒരു കാര്യം ഇവിടെ ഉന്നയിക്കുമ്പോൾ ഗവൺമെന്റ് എന്താണ് ചെയ്യേണ്ടത്; ഗവൺമെന്റ് അത് അംഗീകരിക്കണം. അതാണ് ഞാൻ പറഞ്ഞത്, ഇത് ഭരണപക്ഷ – പ്രതി പക്ഷ ബന്ധമൊന്നുമല്ല. ഇവിടെ നമ്മൾ കൃത്യമായ സത്യത്തിലോട്ട് എത്തുക യാണ്. തീരദേശ പരിപാലന അതോറിറ്റി ഒരു സബ് കമ്മറ്റിയെ വെച്ചു വെങ്കിൽ, ആ സബ് കമ്മറ്റിയെ നിർത്തിവെയ്ക്കാനുള്ളതും അതോറിറ്റിതന്നെ യാണ് ചെയ്യേണ്ടത്. പക്ഷെ, നേരത്തെ എൻവയോൺമെന്റ് ക്ലിയറൻസ്

കൊടുത്തോ? തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസ് കിട്ടിയിരുന്നില്ല. തീരദേശ പരിപാലന അതോറിറ്റി .................

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഗവൺമെന്റ് ക്ലിയറൻസ് കൊടുത്തു എന്നുപറയുന്നത് ശരിയല്ല. ചിലവന്നൂർ കായലുമായി ബന്ധപ്പെട്ട എല്ലാ വിശാദാംശങ്ങളോടുംകൂടി കേന്ദ്ര ഗവൺമെന്റിലേക്ക് അയക്കുകയാണ് ചെയ്തത്. കേന്ദ്രഗവൺമെന്റ് 2013-ൽ സംസ്ഥാന ഗവൺമെന്റിന് സമ്മൻ ചെയ്തിട്ട് ഒരു ഉദ്യോഗസ്ഥൻപോലും ഹാജരായില്ല. ഇത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് കറക്ടാണ്. എങ്ങനെയാണെന്ന് അറിയുമോ? ഇവർ തീരുമാനമെടുത്തു. എന്നിട്ട് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ അംഗീകാരത്തിനുവേണ്ടി അയക്കുകയാണ്. കാരണം ഇതിന് ക്ലിയറൻസ് കൊടുക്കാനുള്ള അധികാരം ഗവൺമെന്റ് ഓഫ് ഇൻഡ്യക്കാണുള്ളത്. ഇതിന് എൺവയോൺമെന്റൽ ക്ലിയറൻസ് കൊടുക്കണമെങ്കിൽ അവർക്കേ ചെയ്യാൻ കഴിയു. നമുക്ക് ചെയ്യാൻ കഴിയില്ല. അതുകൊണ്ട്...... പക്ഷേ അന്നത്തെ കമ്മിറ്റി............ അതാണ് ഞാൻ വായിച്ചത്. അങ്ങേയ്ക്ക് സംശമുണ്ടെങ്കിൽ ഒരിക്കൽ കൂടി ഞാൻ വായിച്ചു കേൾപ്പിക്കാം. ഞാൻ പറയുന്നത് കേൾക്കു. അങ്ങ് ശാന്തമായിട്ട് ഇത് കേൾക്കു.

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ. ഇത് ചോദ്യോത്തരമല്ല. ആവശ്യത്തിന് വഴങ്ങി. അടുത്ത ബിസിനസ്സിലേക്ക് കടക്കണം. പ്ലീസ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് ഞാൻ പറഞ്ഞത്. ഇ.സി.എ.യുടെ നാല് ദിവസമായി 2008-ൽ നടന്ന യോഗത്തിൽ അവരെടുത്ത

തീരുമാനത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇൻഡ്യാ ഗവൺമെന്റിന് വിടുകയാണെന്നത്. പക്ഷേ ഈ അതോറിറ്റിയാണത് വിട്ടത്. അതേസമയം അവർ ചെയ്യേണ്ടിയിരുന്ന ഒരു നടപടി നടക്കാതെ പോയി. അതിനിടക്ക് ഒന്നുകൂടി ഞാൻ പറയാം. ഈ കെട്ടിടത്തിന്റെ പണി അപ്പോഴേക്കും അവർ പൂർത്തി.യാക്കുകയും ചെയ്തിരുന്നു. അപ്പോൾ ഈ ക്ലിയറൻസ് കിട്ടാതെതന്നെ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പരിസ്ഥിതി വകുപ്പിന്റെ സെക്രട്ടറി ഈ തീരുമാനം എടുക്കുമ്പോൾ മന്ത്രിയുമായിട്ട് കൺസൾട്ട് ചെയ്തിരുന്നോ? മന്ത്രിയുമായിട്ട് കൺസൾട്ട് ചെയ്യാതെയായിരുന്നോ പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഈ ഉത്തരവ് പുറപ്പെടുവിച്ചത്? ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇതെല്ലാം ചീഫ് സെക്രട്ടറി പരിശോധിക്കുമെന്നും 5 ദിവസംകൊണ്ട് റിപ്പോർട്ട് കിട്ടുമെന്നുമാണ്. ആ റിപ്പോർട്ട് തിങ്കളാഴ്ചതന്നെ ഈ സഭയിൽ വയ്ക്കാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ഫയലുകളൊന്നും മന്ത്രി തലത്തിൽ വരേണ്ട കാര്യമേയില്ല. കാരണം ക്ലിയറൻസ് കൊടുക്കേണ്ടതൊക്കെ അതിന്റെ അതോറിറ്റിയാണ്. അതോറിറ്റിയെ ഇൻഡ്യാ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നതാണ്. കേരളത്തിലെ ഗവൺമെന്റ് കൊടുക്കുന്ന ഒരു പാനലിൽ നിന്നാണ് നോമിനേഷൻ. പക്ഷേ അവർക്കിഷ്ടപ്പെട്ട, തൃപ്തികരമായ ആളുകളെയേ അവർ നോമിനേറ്റ് ചെയ്യൂ. നമ്മൾ കൊടുക്കുന്ന പ്രൊപ്പോസൽ ഒന്നാകെ എടുക്കണമെന്ന് നിർബന്ധമില്ല. ആ അതോറിറ്റിക്ക് അതിനുള്ള അധികാരമുണ്ട്. അ ഫയൽ മന്ത്രിയെന്നുള്ള നിലയിൽ നമ്മുടെ മുന്നിലെത്തുകയില്ല. ഞാൻ വേറെയാരെയും കുറ്റപ്പെടുത്തുന്നതിനുവേണ്ടി

പറഞ്ഞതല്ല. പക്ഷേ ഫാക്റ്റ്സ് ഇതാണ്. അങ്ങ് ചോദിച്ച രണ്ടാമത്തെ ചോദ്യം, തിങ്കളാഴ്ചയെങ്കിലും വയ്ക്കാൻ പറ്റുമോ എന്നുള്ളതാണ്. ഞാൻ 5 ദിവസം എന്നുള്ളതാണ് ഫയലിൽ എഴുതിയത്. 5 ദിവസം കഴിഞ്ഞതിനുശേഷം ആ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന ചീഫ് സെക്രട്ടറിയുടെ ഒപ്പീനിയന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ ഞാൻ പറയുകയും ചെയ്യും.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് ചീഫ് സെക്രട്ടറിയെക്കൊണ്ടാണ് അന്വേഷിപ്പിക്കുന്നതെന്ന് പറഞ്ഞു. അതീവ ഗുരുതരമായ ആക്ഷേപമാണ് സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ ഈ ചീഫ് സെക്രട്ടറിയെക്കുറിച്ച് ഉന്നയിച്ചിരിക്കുന്നത്. മൂന്നാർ ഒഴിപ്പിക്കൽ അട്ടിമറിക്കാൻ ശ്രീ. ഭരത് ഭൂഷൻ ശ്രമിച്ചെന്ന് രാജു നാരായണ സ്വാമി. ഈ ചീഫ് സെക്രട്ടറിയെക്കൊണ്ടാണോ അതും ചെയ്യാൻ പോകുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു ഗവൺമെന്റ് എന്താണ് ചെയ്യേണ്ടത്? സഭയിൽ ഒരു ഇഷ്യു വരുമ്പോൾ..............

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഇത് ചോദ്യോത്തരമല്ല. അങ്ങ് 10 പ്രാവശ്യം എണീറ്റു. അത് സമ്മതിച്ചു. അങ്ങനെ പറ്റില്ലല്ലോ. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇത് ചോദ്യോത്തര സമയമല്ലെന്ന് അങ്ങേയ്ക്കറിയാവുന്നതാണല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്കെന്ത് ചെയ്യാൻ കഴിയും. ഞാൻ എത്ര പ്രാവശ്യം വഴങ്ങി. അങ്ങ് അനുവദിച്ചാൽ ഞാൻ അങ്ങോട്ടുനോക്കി പറയാം.

മി. സ്പീക്കർ: താങ്കൾ ഇരിക്കുന്നതുകൊണ്ടാണ് അവർ വീണ്ടും എഴുന്നേൽക്കുന്നത്. അടുത്ത ബിസിനസ്സിലേക്ക് കടക്കേണ്ടതാണ്. ശ്രീ. പി.

ശ്രീരാമകൃഷ്ണൻ, താങ്കൾ 10 പ്രാവശ്യം എണീറ്റു. അപ്പോഴൊക്കെ ഞാൻ അനുവദിച്ചു. അങ്ങനെ ചെയ്യരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. സി. ദിവാകരൻ വളരെ ഉത്തരവാദിത്തപ്പെട്ട, ബഹുമാന്യനായ പ്രതിപക്ഷത്തെ ഒരു കക്ഷി നേതാവാണ്. അദ്ദേഹം ഒരു ........ അല്ലെന്ന് അഭിപ്രായമുണ്ടെങ്കിൽ എനിക്കില്ല. എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. നിങ്ങൾക്ക് അഭിപ്രായമില്ലെങ്കിൽ എനിക്കില്ല. കൂടെ കിടക്കുന്നവർക്കേ രാപ്പനിയറിയൂ. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം..... (.....ബഹളം...)............

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അങ്ങ് പറഞ്ഞു തീർക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞുതീർത്തതാണ്. അവസാനം ഞാൻ സംസാരിച്ചു തീർന്നപ്പോൾ നമ്മുടെ ബഹുമാന്യനായ ശ്രീ. സി. ദിവാകരൻ ഒരു ചോദ്യം ചോദിച്ചു. അങ്ങ് ചോദിച്ചത്...........

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ... ബഹുമാനപ്പെട്ട മിനിസ്റ്റർ പ്ലീസ് കൺക്ലൂഡ്.................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇവിടെ നേരത്തെ പറഞ്ഞപോലെ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് സഭയിൽ വയ്ക്കും. ഇത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. (... ബഹളം...)......

മി. സ്പീക്കർ: അദ്ദേഹത്തിന് അത് സംസാരത്തിനിടയ്ക്ക് വന്നുപോയതാണ്. അല്ലാതെ ഗൗരവമായിട്ട് പറഞ്ഞതല്ല. അങ്ങനെ പറഞ്ഞാൽ ശ്രീ. സി. ദിവാകരൻ ഇങ്ങനെയാവില്ലല്ലോ. ഇല്ല..........

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി എനിക്ക് വഴങ്ങിയ തായിരുന്നു. പക്ഷേ എനിക്ക് സംസാരിക്കാൻ അവസരം കിട്ടിയില്ല.

മി. സ്പീക്കർ: വഴങ്ങിയില്ലല്ലോ........ഞാൻ കണ്ടിട്ടില്ല. അദ്ദേഹം ഇരുന്നു കഴിഞ്ഞു. ചർച്ച ചെയ്യേണ്ടുന്ന ആവശ്യമില്ലെന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി:) സർ, മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിശദമായി ഇവിടെ മറുപടി പറഞ്ഞുകഴിഞ്ഞു. ഈ കാര്യത്തിൽ ശരിയായിട്ടുള്ളതെന്താണോ അതുതന്നെ നടത്താനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ശ്രീ. റ്റി. എൻ. പ്രതാപൻ ഇന്നലെ എന്റെ കൈയ്യിൽ ഒരു കത്ത് കൊണ്ടുവന്നുതന്നു. അത് അപ്പോൾതന്നെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കൊടുത്തു. അദ്ദേഹം അത് പരിശോധിച്ച ശേഷം ഇന്നലെ ആ ഉത്തരവ് ക്യാൻസൽ ചെയ്തുകൊണ്ട് അന്വേഷണത്തിന് തീരുമാനം എടുക്കുകയും ചെയ്തു. അതുസംബന്ധിച്ച് യാതൊരുവിധ സംശയങ്ങൾക്കും ഇടവരുത്തില്ല. പക്ഷേ ഞാൻ ഒന്നു പറയാനാഗ്രഹിക്കുക യാണ്. അത് ഈ സഭയിലും നേരത്തെ ഉന്നയിച്ചിട്ടുള്ളതാണ്. സി.ആർ.ഇസഡ്.-ന്റെ കാര്യത്തിൽ ചില പ്രശ്നങ്ങളുണ്ട്. അവിടത്തെ പാവ പ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വീട് റിപ്പയർ ചെയ്യാൻ പോലും സാധിക്കുന്നില്ല, വീടുകൾക്ക് നമ്പരിടുന്നില്ല. നമ്മുടെ തീരപ്രദേശത്ത് ഒന്നാകെയുള്ള പ്രശ്നമാണിത്. അതുകൊണ്ടാണ് ഈ സഭയിൽ ഞാൻ ഒരു പ്രസ്താവന ചെയ്തു. എട്ടൊൻപത് ഭേദഗതികൾ കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചു. അവിടെനിന്നും അത് നമ്മുടെ പരിസ്ഥിതി കമ്മിറ്റിയുടെ ശുപാർശ സഹിതം അയക്കുന്നതിനുവേണ്ടി തിരിച്ച് ഇങ്ങോട്ടുതന്നെ തന്നിരിക്കുകയാ ണ്. ബന്ധപ്പെട്ട സമിതി കാര്യങ്ങൾ പരിശോധിച്ചശേഷം അതിൻമേൽ തീരുമാ നമെടുക്കും. നമ്മുടെ തീരപ്രദേശത്തെ ജനങ്ങളുടെ ഇതുസംബന്ധിച്ചുള്ള

ആശങ്ക, അവരനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, മത്സ്യതൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ ഇവയൊന്നും നമ്മൾക്ക് കാണാതിരിക്കാനാവില്ല. കസ്തൂരി രംഗൻ പ്രശ്നം വന്നത് നാളെ ബുദ്ധിമുട്ട് ഉണ്ടായേക്കുമെന്ന നിലയിലായിരുന്നു. ഒരു കുടുംബത്തിനുപോലും അതിന്റെ പേരിൽ ബുദ്ധി മുട്ടുകൾ ഉണ്ടായിട്ടില്ല. ഇതങ്ങനെയല്ല. ഇത് നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നു. വീട് റിപ്പയർ ചെയ്യാൻ പറ്റുന്നില്ല.

ശ്രീ. എ. കെ. ബാലൻ: സർ, കെട്ടിടനിർമ്മാണം പൂർത്തീകരിച്ചോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് വേറെ കാര്യമാണ്. മത്സ്യതൊഴിലാളിക ളുടെ കാര്യമാണ് ഞാൻ പറയുന്നത്. ഞാൻ പറഞ്ഞത്.............

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇവിടെ അറിയേണ്ടത്, നിയമവിരുദ്ധമായ കൺസ്ട്രക്ഷൻ പൊളിച്ച്, ഈ കായലിനെ ഇല്ലായ്മ ചെയ്യാൻ നടത്തുന്ന ശ്രമത്തെ ഞങ്ങൾ അനുകൂലിക്കില്ല എന്നുപറയാൻ ധൈര്യമുണ്ടോ എന്നാണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു കാര്യം ധരിക്കണം. ഇവർ പണിയാൻ വേണ്ടിയുള്ള അപേക്ഷ കൊടുത്തത് 2007-ൽ. അവർക്ക് അനുമതി കൊടുത്തത് 2008-ൽ. അവർ പണി തുടങ്ങി യത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തായിരുന്നു. പണി നല്ല പുരോഗതിയു ണ്ടായതും നിങ്ങളുടെ കാലത്ത്. എന്നാലും ഇപ്പോൾ ഈ പ്രശ്നം ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ എഴുതിത്തന്ന ഉടൻതന്നെ തന്നെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിശോധിച്ച് ഇന്നലെ തന്നെ തീരുമാനമെടുത്തു. അത് പരി ശോധിച്ച് അതിന്റെ നടപടിക്രമങ്ങൾ മുഴുവൻ നോക്കിയശേഷം ഒരാഴ്ചക്കു ള്ളിൽ അത് സംബന്ധിച്ച തീരുമാനം എടുക്കുമെന്നും മന്ത്രി ഇവിടെ പറഞ്ഞി

രിക്കുകയാണ്. അതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം ഒരു തർക്കവും വേണ്ട. പക്ഷേ ശ്രീ. ശ്രീരാമകൃഷ്ണൻ ഇവിടെ ശ്രീ. റോബർട്ട് വധേരയുടെ പേര് പറഞ്ഞു. എന്തിനാണ് അതൊക്കെ? നിങ്ങൾ കൊടുത്ത പെർമിറ്റ്, നിങ്ങളുടെ കാലത്താണ് ഇതിനുള്ള പെർമിറ്റ് കൊടുത്തതും നിർമ്മാണം തുടങ്ങിയതും. നമ്മളൊക്കെ ഇതുപോലുള്ള കാര്യത്തിൽ സ്വീകരിക്കേണ്ട ഒരു മിതത്വമുണ്ട്, ചില സാമാന്യ മര്യാദകളുണ്ട്. അത് ലംഘിക്കുന്നത് ശരിയല്ല. എന്തറിഞ്ഞുകൊണ്ടാണ് അങ്ങ് ശ്രീ. റോബർട്ട് വധേരയുടെ പേര് പറഞ്ഞത്? നിങ്ങൾ 2008-ൽ പെർമിറ്റ് കൊടുത്തു. അതുകൊണ്ട് ഇത് പരിശോധിച്ച് എവിടെയെങ്കിലും ഏതെങ്കിലും കാലഘട്ടത്തിൽ അതിനകത്ത് കുഴപ്പമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കും, തീരുമാനമെടുക്കും. ശക്തമായ നടപടികളിമായിട്ടായിരിക്കും മുമ്പോട്ടുപോകുന്നത്. പക്ഷെ സി.ആർ.ഇസഡ്.-ന്റെതായിട്ടുള്ള പ്രശ്നങ്ങൾ മത്സ്യതൊഴിലാളികൾ അടക്കം നേരിടുന്ന പ്രശ്നങ്ങൾക്ക് നമുക്ക് പരിഹാരമുണ്ടാക്കിയെ മതിയാകൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങ് വളരെ ക്ഷോഭിച്ചു സംസാരിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. അങ്ങ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് സി.ആർ.ഇസഡ്.-നെക്കുറിച്ചുള്ള നിർദ്ദേശങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം അറിയിക്കാൻ പറഞ്ഞിട്ട് അറിയിക്കുകപോലും ചെയ്തില്ല എന്ന കാര്യം താങ്കൾ മറക്കരുത്. ഞാൻ കുറ്റപ്പെടുത്താനിരുന്നതല്ല. പക്ഷേ ഇന്ന് മത്സ്യത്തൊഴിലാളികൾ അവിടെ കടുത്ത ബുദ്ധിമുട്ടിലാണ്.

ശ്രീ. എസ്. ശർമ്മ: സർ, കഴിഞ്ഞ നിയമസഭയിൽ സി.അർ.ഇസഡ്.-നെക്കുറിച്ച് ചർച്ച ചെയ്ത സന്ദർഭത്തിൽ ഞാൻ ഇതേ പ്രശ്നം അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി, അഭിപ്രായം അറിയി

ക്കേണ്ട സമയത്ത് കേന്ദ്രത്തിനെ അറിയിച്ചില്ല എന്ന് പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു, ഞാൻ അറിയിച്ചിട്ടുണ്ട്. അന്നത്തെ ചീഫ് മിനിസ്റ്റർ കത്തയച്ചിട്ടുണ്ട്. നേരിട്ട് നിവേദനം കൊടുത്തിട്ടുണ്ട് എന്ന്. ...........(ബഹളം).......... ഞാനല്ലേ പറയുന്നത്. അതുകൊടുത്തു. അങ്ങയുടെ സയൻസ് ആന്റ് ടെക്നോളജി യുടെ ഫയലുണ്ടല്ലോ, ആ ഫയലിന്റെ കോപ്പി എന്റെ അടുത്തുണ്ട്. ഞാൻ കഴിഞ്ഞ സഭയിൽ അത് പറഞ്ഞു. അങ്ങേയ്ക്ക് കിട്ടിയ വിവരത്തിൽ വന്നൊരു പിശകാണ്. സംസ്ഥാന ഗവൺമെന്റിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രിയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവുമായ ശ്രി. വി. എസ്. അച്ചുതാനന്ദൻ നേരിട്ട് കത്ത് അയച്ചു. ഞാനന്ന് ശ്രീ. പി. കരുണാകരൻ എം. പി, ശ്രീ. കെ. ചന്ദ്രൻ പിള്ള എന്നിവരോടൊപ്പം ശ്രീ. ജയറാം രമേശിനെ കണ്ടു. ശ്രീ. എ. കെ. ആന്റണിയെ ഞാൻ ഒറ്റയ്ക്കുപോയി കണ്ടു. ശ്രീ. ശരത് പവാറിന്റെ അടുത്തും ഇക്കാര്യത്തെ സംബന്ധിച്ച് നേരിട്ട് നിവേദനം കൊടുക്കുകയും ചെയ്തു. അതിന്റെയും കൂടി അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഒപ്പീനിയൻ വച്ചിട്ടാണ് 50 മീറ്ററിനുള്ളിൽ വീട് വയ്ക്കാമെന്ന് ഭേദഗതി വന്നത്. അങ്ങ് പറഞ്ഞത് അങ്ങ് കത്തയച്ചു എന്നാണ്. പ്രതിപക്ഷം കത്തയച്ചാൽ ഇൻഡ്യ ഗവൺമെന്റ് അംഗീകരിക്കുമോ? അന്നത്തെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായത്തെ അടിസ്ഥാനമാക്കികൊണ്ടാണിത് വന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വിഷയം ഞാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സബ്മിഷനായി സഭയിൽ ഉന്നയിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് മുൻപാകെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം

അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സബ്മിഷൻ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ഇത് അറിയിക്കാമെന്നുപറഞ്ഞു. 2011 ജനുവരി 6–ാം തീയതിയാണ് കേന്ദ്രഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ ഇറങ്ങുന്നത്. ജനുവരി 4–ാം തീയതിയാണ് ഇവിടെനിന്ന് ഇത് അയയ്ക്കുന്നത്. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചുകഴിഞ്ഞശേഷമാണ് ഇത് അവിടെ കിട്ടുന്നത്. ഇവിടെ ശ്രീ. എസ്. ശർമ്മ പറഞ്ഞത് ശരിയല്ല. ......(ബഹളം)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽ മതി. മറ്റുകാര്യങ്ങൾ പറയേണ്ട. സി. ആർ. ഇസഡ് വേണ്ട എന്നാണ് പറഞ്ഞത്.

ശ്രീ. ഉമ്മൻചാണ്ടി: സർ, ശ്രീ. എസ്. ശർമ്മ ഇതേ കാര്യം ഇവിടെ പറഞ്ഞു. അത് കഴിഞ്ഞും ഞാൻ ഫയൽ പരിശോധിച്ചു. ബഹുമാനപ്പെട്ട എസ്. ശർമ്മയ്ക്ക് ഞാൻ ഫയൽ കാണിച്ചുതരാം. ഈ അടിയന്തര പ്രമേയത്തിന്റെ അടിസ്ഥാനപരമായ കാര്യത്തെ സംബന്ധിച്ചിടത്തോളം അത് പരിശോധിക്കും. എന്താണെന്നുള്ളതിനെക്കുറിച്ച് ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം പറയും, അത് സംബന്ധിച്ച് യാതൊരു ആശങ്കയ്ക്കും വഴിയില്ല. മത്സ്യത്തൊഴിലാളികളുടേത് ഗൗരവതരമായി ഗവൺമെന്റ് കാണുന്ന പ്രശ്നമാണ്, അതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികളുമായി മുമ്പോട്ടുപോകും. അതിന് നിങ്ങളുടെ പിൻതുണ വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കൊച്ചി നഗരത്തിനടുത്ത് കിടക്കുന്ന ചിലവന്നൂർ കായൽ ഭൂമി കൈയ്യേറി ഡി.എൽ. എഫ്. കമ്പനി ഫ്ളാറ്റ് സമുച്ചയം പണിതത് സംബന്ധിച്ച് നേരത്തേതന്നെ വിവാദങ്ങളുണ്ടായിരുന്നു. ഡി.എൽ.എഫ്. ഗ്രൂപ്പിന്റെ പിന്നിലെ വിവാദ നായകൻ ആരാണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ? അവർക്കു വേണ്ടി എന്തിനാണ് ഈ സർക്കാർ നിയമങ്ങളെല്ലാം കാറ്റിൽപറത്തി സഹായം ചെയ്യുന്നത്. നിയമം ലംഘിച്ച് നടത്തുന്ന ഫ്ളാറ്റ് സമുച്ചയ നിർമ്മാണം പരിശോധിക്കാൻ തീരദേശ പരിപാലന അതോറിറ്റിയുടെ .......(ബഹളം)......

മി. സ്പീക്കർ: മുൻനിര നേതാക്കന്മാർ സംസാരിക്കുമ്പോൾ കാണിക്കേണ്ട ഒരു നിലവാരം ഈ സഭയിൽ ഇരുകൂട്ടരും കാണിക്കാറില്ല. മുഖ്യമന്ത്രി സംസാരിക്കുമ്പോൾ നിങ്ങളും ഇതുതന്നെയാണ് ചെയ്യുന്നത്. പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതിന്റെ അർത്ഥമെന്താണ്? മുഖ്യമന്ത്രിയുടെ പ്രസംഗം തടസ്സപ്പെടുത്തിയതുകൊണ്ട് ഇപ്പോൾ തടസ്സപ്പെടുത്താമെന്നാണോ അതിനർത്ഥം?

മി. സ്പീക്കർ: എന്നല്ല അതിനർത്ഥം. ചിലകാര്യങ്ങൾ പറയുമ്പോൾ ദേഷ്യം വരുന്നതെന്തിനാണ്? പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. പ്ലീസ്....പ്ലീസ്...

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അവർക്കുവേണ്ടി സർക്കാർ എന്തിനാണ് നിയമങ്ങളെല്ലാം കാറ്റിൽ പറത്തി വഴിവിട്ട് സഹായം ചെയ്യുന്നത്? നിയമം ലംഘിച്ച് നടത്തുന്ന ഫ്ളാറ്റ് സമുച്ചയ നിർമ്മാണം പരിശോധിക്കു

വാനുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തീരുമാനം ഈ സർക്കാരിന്റെ പരിസ്ഥിതി വകുപ്പ് അട്ടിമറിച്ചു. പരിസ്ഥിതി വകുപ്പിന് എന്താണ് ഇതിൽ പ്രത്യേക താൽപ്പര്യം? നിയമങ്ങളെല്ലാം ലംഘിച്ച് കൊടിയ അഴിമതി നടത്താൻ ഈ സർക്കാർ പരിസ്ഥിതി വകുപ്പിൽ ഒരു ഡയറക്ടറെ വഴിവിട്ട് കുടിയിരുത്തിയിരിക്കുകയാണ്. നിയമവിരുദ്ധമായി ഇയാളെ അവിടെ നിയമിച്ചതിനെതിരെ നേരത്തെതന്നെ ഞാൻ പരാതി ഉന്നയിക്കുകയും പ്രസ്താവന നടത്തുകയും ചെയ്തിട്ടുള്ളതാണ്. എന്നിട്ടും സർക്കാർ ഇയാളെ അവിടെ വാഴിക്കുകയാണ്. പരിസ്ഥിതിപോലെ ഇത്രയേറെ ഗൗരവതരമായ ഒരു വകുപ്പിന്റെ ചുമതല അഴിമതിക്കാരനെന്ന് പേരെടുത്ത ആളിനെത്തന്നെ ഏൽപ്പിക്കണമെന്ന് സർക്കാരിന് എന്താണ് ഇത്ര നിർബന്ധം? ഈ പ്രദേശത്ത് സെന്റുകണക്കിനല്ല മറിച്ച് ചതുരശ്രയടി കണക്കിലാണ് ഭൂമിയുടെ വില കണക്കാക്കുന്നത്. കോടികൾ വിലമതിക്കുന്ന സർക്കാർ കായൽഭൂമിയാണ് റിയൽ എസ്റ്റേറ്റ് കമ്പനിക്ക് നിയമം ലംഘിച്ചു നൽകാൻ സർക്കാർ ഒത്താശ ചെയ്തത്. അഴിമതിക്കാരനായ ഈ പരിസ്ഥിതി വകുപ്പ് മേധാവി തന്നെയാണ് നേരത്തേ ആറൻമുള വിമാനത്താവള നിർമ്മാണ ഭൂമിയുടെ കാര്യത്തിലും കള്ളക്കളി നടത്തിയത്. അതിന് ചെന്നൈ ഹരിത ട്രൈബ്യൂണലിന്റെ കൊട്ടുകിട്ടിയതല്ലേ? എന്നിട്ടും ഈ സർക്കാരിന് ഇങ്ങനെ സുതാര്യമായി അഴിമതി നടത്താൻ എന്താണിത്ര വാശി? ഈ സർക്കാരിന്റെ ചില കാര്യങ്ങളൊക്കെ അതിവേഗം ബഹുദൂരമാണ്, ഇവിടെ കണ്ടില്ലേ, തീരദേശ പരിപാലന അതോറിറ്റിയുടെ പരിശോധനയ്ക്കെതിരെ ഡി.എൽ.എഫ്. കമ്പനി 21-04-2014-ന് സർക്കാരിന് പരാതി നൽകുന്നത്. ഇതിൻമേൽ സംസ്ഥാന പരിസ്ഥിതി ആഘാത പഠന അതോറിറ്റി 28-04-2014-ന് തീരദേശ പരിപാലന അതോറിറ്റിയുടെ തീരുമാനം റദ്ദാക്കിക്കൊണ്ട് ഉത്തരവിറക്കി.

സംസ്ഥാന പരിസ്ഥിതി ആഘാത അതോറിറ്റിയുടെ ചെയർമാനായിരുന്ന ഡോ. മുത്തുനായകത്തിനെ നിങ്ങൾ പുകച്ചുപുറത്ത് ചാടിച്ചതിനുശേഷം വകുപ്പ് സെക്രട്ടറിയെ ചെയർമാനാക്കിയാണ് ഈ ഉത്തരവ് സംഘടിപ്പിച്ചത്. 28–04–2014–ന് ഉത്തരവിറക്കി ഒറ്റ ദിവസംകൊണ്ട് തീരദേശ പരിപാലന അതോറിറ്റി ചെയർമാൻ തന്റെ ഉത്തരവ് പിൻവലിച്ചു. ഇത് അതിവേഗം തന്നെ, പക്ഷെ അതിവേഗവും അസംബന്ധവും അഴിമതിയുമാണ്. കഴിഞ്ഞ ദിവസം ഞാൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, ഈ ഭരണം കഴിയുമ്പോൾ കാടു കാണാൻ ഇനി മറ്റു സംസ്ഥാനങ്ങളിലേക്ക് പോകേണ്ടിവരുമെന്ന്. ഇനി കായലും കടലുമൊക്കെ കാണാമെങ്കിലും അതിന് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകേണ്ടിവരുന്ന സ്ഥിതിയായിരിക്കും ഈ സർക്കാരിന്റെ കാലം കഴിയുമ്പോൾ ഉണ്ടാകുക. ഈ മന്ത്രിസഭ അഴിമതിയുടെ ക്വട്ടേഷൻ സംഘമാണ്. ചിലരുടെ ചെവിയിൽ കിന്നാരമോതിയിട്ട് കാര്യമില്ല എന്നുപറയാറില്ലേ? എന്തുചെയ്യും, ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യാൻ കൂട്ടാക്കാത്ത സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി.)

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ ഉന്നയിച്ചിട്ടുള്ളത് ഗുരുതരമായൊരു പ്രശ്നമാണ്. ഇവിടെ അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾക്കൊന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. കൊച്ചിയിലെ ചിലവന്നൂർ കായൽ കയ്യേറി ഡി.എൽ.എഫ്. ഗ്രൂപ്പ് ഫ്ളാറ്റ് നിർമ്മിച്ചു. കായൽ കയ്യേറ്റം നടന്നോ ഇല്ലയോ എന്നതുസംബന്ധിച്ച് ഈ ഗവൺമെന്റിന്

മൗനമാണ്. ഗുരുതരമായൊരു കാര്യമാണിത്. കായൽ കയ്യേറ്റം നടത്തിയ ഡി. എൽ.എഫ്. എന്ന കുപ്രസിദ്ധമായ ഗ്രൂപ്പ് അവിടെ ഫ്ളാറ്റ് നിർമ്മിച്ചുവെന്ന ആക്ഷേപമാണ് ഈ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. റ്റി. എൻ. പ്രതാപനും ഇതേ വിഷയം ഉന്നയിച്ചാണ് കത്ത് നൽകിയിരിക്കുന്നത്. നിങ്ങളുടെ കയ്യിൽ അധികാരമുണ്ടല്ലോ; ഇപ്പോൾ അധികാരം നിങ്ങളുടെ കയ്യിലാണ്. ഈ കായൽ കയ്യേറ്റം ഒഴിപ്പിക്കാൻ നടപടിയെടുക്കേണ്ടതല്ലേ; ഈ കയ്യേറ്റത്തിനെതിരെ നടപടിയെടുക്കണം. നിയമവിരുദ്ധമായി ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കിയെന്ന് നിങ്ങൾതന്നെ സമ്മതിക്കുന്നു. അത് ഡിമോളിഷ് ചെയ്യാൻ കളക്ടർക്ക് ഉത്തരവ് കൊടുത്താൽ മതി. അത് ഡിമോളിഷ് ചെയ്ത് കേരളത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. അതിനു പകരം 2007-ലേയും 2008-ലേയും കലണ്ടറുകളെപറ്റി പറഞ്ഞിട്ട് കാര്യ മുണ്ടോ? ഇപ്പോൾ അധികാരം ആരുടെ കയ്യിലാണ്, ഇപ്പോൾ കേരളം ഭരിക്കുന്നത് ആരാണ്? കേരളം ഭരിക്കുന്നത് നിങ്ങളാണ്. കഴിഞ്ഞകാല ഗവൺമെന്റിന് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ കണ്ടുപിടിച്ച് അതെല്ലാം റദ്ദാക്കിക്കോളൂ. അതൊക്കെ ജനങ്ങളോട് പറയുന്നതിനുപകരം യു.ഡി.എഫ്. ഗവൺമെന്റും അത് ആവർത്തിക്കാനാണോ ഉദ്ദേശിക്കുന്നത്. ഡി.എൽ. എഫ്.-ന്റെ മുതലാളി ആരാണ്; ആ ഫ്ളാറ്റ് ഇടിച്ചുനിരത്തുന്നതിന് എന്ത് തടസ്സമാണുള്ളത്; മുത്തുനായകം രാജിവച്ചുപോകാനുണ്ടായ സാഹചര്യമെന്താണ്; ഈ കമ്മിറ്റികളുടെ എല്ലാ തീരുമാനങ്ങളെയും ലംഘിക്കേണ്ട കാര്യമെന്താണ്? ഇപ്പോൾ ഈ കയ്യേറ്റം തടയുന്നതിന് നിയമപരമായി യാതൊരു തടസ്സവുമില്ല. ഈ കെട്ടിടം പൊളിച്ചടുക്കുന്നതിന് യാതൊരു കുഴപ്പവുമില്ല. തീരപ്രദേശത്ത് നിയമം ലംഘിച്ച് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ വീടുവച്ചിരുന്നുവെങ്കിൽ ഇപ്പോൾ

എന്താകുമായിരുന്നു ഗതി? പാവപ്പെട്ട ആളുകളാണ് ഈ നിർമ്മാണ പ്രവർത്തനം നടത്തിയതെങ്കിൽ ഗവൺമെന്റ് അതിശക്തമായി ഇടപെടുമായിരുന്നു. പക്ഷെ, ഇവിടെ ഇടപെടാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വളരെ ക്ഷുഭിതനായത് ഡി.എൽ.എഫ്.–ന്റെ ഉടമസ്ഥനെകുറിച്ച് ഞങ്ങൾ പറഞ്ഞുവെന്നുള്ളതുകൊണ്ടാണ്. അത് തെറ്റാണോ? ഡി.എൽ.എഫ്.–ന്റെ ഉടമസ്ഥന്റെ പേര് പറയുന്നത് തെറ്റാണോ? അതിലൊരു തെറ്റുമില്ല. ഡി.എൽ.എഫ്. എന്ന കമ്പിയുടെ ഉടമസ്ഥൻ ഇവിടെ പറഞ്ഞ പേരുകാരൻ തന്നെയാണ്. അദ്ദേഹത്തിന് അവിഹിതമായ സ്വാധീനമുണ്ട് എന്ന് സംശയിക്കുന്നു. ആ സംശയം ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ചു. അതിൽ നിങ്ങൾ ഇത്രയധികം പ്രകോപിതരാകേണ്ട കാര്യമുണ്ടോ? വധേരയുടെ പേരുപറഞ്ഞ ഉടനെ ഇത്രവലിയ ഹാലിളകാൻ കാരണമെന്താണ്? അതാണ് ആളുകൾക്ക് സംശയമുണ്ടാക്കുന്നത്. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനത്തിൽ ഈ ഡി.എൽ.എഫ്.–ന് പ്രത്യേകമായി എന്തെങ്കിലും പരിഗണന കിട്ടിയിട്ടുണ്ടോ? ഉണ്ടെന്നു തന്നെയാണ് ഇതുവരെ ലഭിച്ചിട്ടുള്ള തെളുവുകൾ സൂചിപ്പിക്കുന്നത്. എല്ലാ കമ്മിറ്റികളുടെയും തീരുമാനത്തെ ലംഘിച്ചുകൊണ്ട് 48 മണിക്കൂറിനകം ഒരു ഫ്ളാറ്റ് സമുച്ചയത്തിന് പെർമിറ്റ് കിട്ടിയ അത്ഭുതകരമായ കേരളമാണ് ഇത്. 48 മണിക്കൂറിനകം ഫ്ളാറ്റ് നിർമ്മിക്കാനുള്ള അനുവാദം കിട്ടുന്ന ഇന്ത്യാ മഹാരാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. അതാണ് ഈ രേഖകളെല്ലാം തെളിയിക്കുന്നത്. അത് വളരെ നിർഭാഗ്യകരമാണ്. വളരെ ugly haste ആണ് ഇവിടെ നടത്തിയിരിക്കുന്നത്. കായൽ കയ്യേറ്റം നടത്തിയവരെ നിയമപരമായി ശിക്ഷിക്കണം. അനധികൃതമായി കെട്ടി ഉയർത്തിയ ഫ്ളാറ്റ് ഇടിച്ചുനിരത്ത

ണം. ഇതിനായി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരാഴ്ചത്തെ സമയം പറഞ്ഞിട്ടുണ്ട്. അടുത്ത ദിവസംത്തന്നെ കായൽ കയ്യേറി നിയമവിരുദ്ധമായി കെട്ടിപ്പൊക്കിയ ഫ്ളാറ്റ് ഇടിച്ചുനിരത്താൻ യു.ഡി.എഫ്. ഗവൺമെന്റ് ഉത്തരവിട്ടു എന്ന് കേൾക്കാനാണ് കേരളം കാത്തിരിക്കുന്നത്. ഞങ്ങൾ ഈ വിഷയം വിടാൻ പോകുന്നില്ല. വീണ്ടും ഇതേ ആവശ്യംതന്നെ ഇവിടെ ഉന്നയിക്കും. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്തിരുന്നുവെങ്കിൽ ഇത്രയും സമയമെടുക്കില്ലായിരുന്നു. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തു. ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യൂ ടി. തോമസ്: സർ, പരിസ്ഥിതിയും പാരിസ്ഥിതിക പ്രശ്നങ്ങളും സെമിനാറുകളിൽ ചർച്ചയ്ക്കുള്ള വിഷയം മാത്രമാവുന്നു എന്നുള്ളതാണ് ഇതിലെ ദുര്യോഗം. ഭരണനടപടികൾ സെമിനാറുകളിൽ നടത്തുന്ന പ്രസംഗങ്ങൾക്കും ചർച്ചകൾക്കും വ്യത്യസ്തമായ തരത്തിലാണ് മുന്നോട്ടുപോയികൊണ്ടിരിക്കുന്നത്. ഭരണകൂടവും നിയമസംവിധനങ്ങളുമൊക്കെ വൻകിടക്കാരുടെ മുമ്പിൽ ഓച്ഛാനിച്ച് നിൽക്കുന്ന അവസ്ഥാവിശേഷം ഒരു പരിഷ്കൃത സമൂഹത്തിന് ഒട്ടും ഭൂഷണമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.ആർ.ഇസഡ്. നിയമത്തെപ്പറ്റി പറഞ്ഞു. ഇവിടെ നിയമലംഘനങ്ങൾ ഉണ്ടാകുന്നത് എപ്പോഴും വൻകിടക്കാർക്കുവേണ്ടിയാണ്. പാവപ്പെട്ടൊരു മത്സ്യത്തൊഴിലാളിക്ക് ഒരു വീട് വയ്ക്കുന്നതിൽ സൗജന്യം കാട്ടുന്നില്ലെന്ന് മാത്രമല്ല, അതിനായി ഏതെങ്കിലും തരത്തിൽ

പരിശ്രമമുണ്ടായാൽ അത് തടയാനും വച്ചവീട് പൊളിച്ചുകളയാനും ഉടനടി ഭരണകൂടം ഇടപെടുകയാണ്. എന്നാൽ വൻകിടക്കാർ വലിയ ഫ്ളാറ്റുകൾ നിർമ്മിച്ചാൽ അത് നിയമവിധേയമാക്കാൻ എങ്ങനെ കഴിയുമെന്നതിനെക്കുറിച്ച് ഗവേഷണം നടത്തി അനുവാദം കൊടുക്കുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട്. കൃഷിയിടങ്ങൾ ഇന്ന് ഇല്ലാതാവുകയാണ്. കൃഷി ഇല്ലാതാവുമ്പോൾ തന്നെ ഫ്ളാറ്റ് കൃഷിയാണ് കേരളത്തിൽ വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നത്. നിയമവിധേയമായല്ലാതെ പണിത നിരവധി ഫ്ളാറ്റുകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റാറ്റിഫിക്കേഷൻ നൽകിക്കൊണ്ട് നിയമലംഘനത്തിന് എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്ന ഒരു സംസ്കാരം കേരളത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഈ നിയമലംഘനം എല്ലാ മേഖലകളിലും നടക്കുമ്പോൾ ഇവിടത്തെ സാധാരണക്കാരും പാവപ്പെട്ടവനും കയറികിടക്കാൻ വേണ്ടി ഒരു കൂര നിർമ്മിച്ചാൽ അവിടെ ഭരണകൂടത്തിന്റെ ബുൾഡോസറുകളുടെ ചക്രങ്ങൾ ഉരുണ്ടുചെല്ലുകയാണ്. വൻകിടക്കാർക്ക് എന്തുമാകാമെന്ന അവസ്ഥാവിശേഷം ഈ സംസ്ഥാനത്ത് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അതിന്റെ നിദർശനം കൂടിയാണ് ഈ ഡി.എൽ.എഫ്.-ന്റെ ഫ്ളാറ്റ് നിർമ്മാണം. ഈ വിഷയം സഭയിൽ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് ഒന്നുരണ്ട് ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ഇവിടെനിന്ന് പുറത്തേയ്ക്കിറങ്ങിയാൽ

ഇന്നത്തെ ചർച്ച എന്തായിരുന്നുവെന്ന് ആരെങ്കിലും ചോദിച്ചാൽ ഉത്തരവാദിത്തമായി പറയാൻ കഴിയാത്തൊരവസ്ഥയിലാണ് ഞാൻ ഇവിടെ നിൽക്കുന്നത്. കാരണം, കായൽ എന്നുപറയുന്നത് ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഒന്നാമത്തെ ചോദ്യം, ഈ കമ്പനി കായൽ കയ്യേറ്റമെന്ന് പറഞ്ഞത് അതിക്രമിച്ച് കായലിലേയ്ക്കിറങ്ങി ഒരിഞ്ചു ഭൂമിയെങ്കിലും നികത്തിയിട്ടുണ്ടോ? രണ്ടാമത്തെ ചോദ്യം, ഇപ്പോഴത്തെ നിയമമനുസരിച്ച് മുപ്പതോ അൻപതോ മീറ്റർ എന്നുള്ളതാണ്, അത് ലംഘിച്ചോ; അങ്ങനെ ലംഘിച്ചെങ്കിൽ എത്ര മീറ്ററാണ് ലംഘിച്ചത് എന്നതിനെ സംബന്ധിച്ചൊന്നും ഇവിടെ ചർച്ചയ്ക്ക് വന്നിട്ടില്ല. അൻപത് മീറ്ററാണ്, അവരിപ്പോൾ 35–ൽ അല്ലെങ്കിൽ 40–ൽ വച്ചുവെന്നും മറ്റുമുള്ള ഇവിടത്തെ ബഹളങ്ങൾ കേട്ട് ഇറങ്ങിപോകുന്നുവെന്നല്ലാതെ ഇതിപ്പോൾ ഇരിക്കാൻ കൊള്ളാത്തൊരു നിയമസഭയായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സത്യത്തിൽ ചർച്ചചെയ്യേണ്ട ഒരു വിഷയമായിരുന്നു. ചർച്ച ചെയ്താൽ മാത്രമല്ലേ സത്യം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. സി.ആർ.ഇസഡ്. എന്നുപറയുന്നത് ഒരു കിരാത നിയമമാണ്. അത് പൊളിച്ച് ദൂരെക്കളയേണ്ട കാലം കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ കരച്ചിൽ മാത്രമല്ല, ദുബായിൽ എവിടെയാണ് കെട്ടിടം വയ്ക്കുന്നത്. എല്ലാവരും ഓടിയോടി അങ്ങോട്ട് പോകുന്നുണ്ടല്ലോ? ഈ നിയമം എന്തിനുവേണ്ടിയാണെന്ന് ചോദിക്കാനുള്ള ചങ്കൂറ്റം കേരളത്തിലെ ഗവൺമെന്റ് കാണിക്കണം. എന്തിനാണ് സി.ആർ.ഇസഡ്. നിയമം ഉണ്ടാക്കി വച്ചിരിക്കുന്നത്. ഈ നിയമം ആർക്കുവേണ്ടിയാണ് ഉണ്ടാക്കിയിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾ നിലവിളിച്ചുകൊണ്ട് നടക്കുന്നു.

ഈ നിയമം കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? തണ്ണീർമുക്കം ബണ്ടുമുതൽ തോട്ടപ്പള്ളി സ്പിൽവേ വരെയുള്ള പ്രദേശങ്ങളെ ഈ നിയമത്തിൽനിന്ന് എക്സ്ക്ലൂഡ് ചെയ്തിരിക്കുന്നതുകൊണ്ട് ഞങ്ങൾക്കൊക്കെ 5 മീറ്റർ അകലെ വീട് വയ്ക്കാം. എന്നാൽ തണ്ണീർമുക്കം ബണ്ടിന്റെ അപ്പുറത്ത് ഈ നിയമം ബാധകമാണെന്നുള്ള കാര്യം നിങ്ങൾക്കാർക്കെങ്കിലും അറിയാമോ? ഒരു ചോദ്യത്തിന് ഉത്തരം കൊടുക്കാനായി ഞാൻ ആ നിയമം മുഴുവൻ വായിച്ചുപഠിച്ചു. എന്റെ മണ്ഡലത്തിലും ഉപ്പുവെള്ളം കയറും, അവിടെയും 4 മാസത്തേക്ക് ഹൈ റ്റൈഡും ലോ റ്റൈഡുമുണ്ടാകും. പക്ഷേ തണ്ണീർമുക്കം ബണ്ടുമുതൽ തോട്ടപ്പള്ളി സ്പിൽവേ വരെ ഈ നിയമത്തിൽനിന്ന് എക്സ്ക്ലൂഡ് ചെയ്തിട്ടുണ്ടെന്നുള്ള കാര്യം എത്രപേർക്കറിയാം? ഇന്ന് കേരളം അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണിത്. അതുകൊണ്ടുതന്നെ ഇത് ചർച്ച ചെയ്യാനുള്ള വിഷയമായിരുന്നു. കേരളംപോലെ അധികം സ്ഥലമില്ലാത്ത ഈ പ്രദേശത്ത് എല്ലാ കായൽവരമ്പിലും 50 മീറ്റർ മാറ്റി വീട് വയ്ക്കാൻ സാധിക്കുമോ; കെട്ടിടം വയ്ക്കാൻ സാധിക്കുമോ; വ്യവസായം നടത്താൻ സാധിക്കുമോ? ഈ നിയമം മാറ്റണമെന്നതാണ് ഒന്നാമത്തെ എന്റെ ആവശ്യം. രണ്ടാമതായി, ഇവിടെ ഇരിക്കുന്നവർക്കെല്ലാം മനസ്സിലാകത്തക്കരീതിയിൽ ആ നിയമത്തിലുള്ള ‘50 മീറ്റർ’ എന്നുള്ളത് മാറ്റാൻ സംസ്ഥാന ഗവൺമെന്റ് ശക്തമായ സമ്മർദ്ദം ചെലുത്തണം. ഇതാണ് ഈ വിഷയത്തിൽ എനിക്കുള്ള അഭിപ്രായം. ഇക്കാര്യം ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്ക് ഔട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ടുപുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനു ശേഷം സഭയിൽ ഹാജരായി.)